# ഗലീലായിൽ ഒരു സൂര്യോദയം

**ബാബു പാറയ്ക്കൽ**

ഞങ്ങളുടെ ബസ് ജോപ്പാ തുറമുഖത്തുനിന്നും പല വഴി കറങ്ങി ഗലീലാ കടൽതീരത്തുള്ള റിസോർട്ടിൽ എത്തിയപ്പോഴേക്കും സന്ധ്യകഴിഞ്ഞിരുന്നു. ഭക്ഷണം കഴിഞ്ഞ് നാലാം നിലയിലുള്ള മുറിയിൽ എത്തി ജനാലയിൽക്കൂടി നോക്കിയപ്പോൾ ഒന്നും കാണാൻ കഴിഞ്ഞില്ല. വെളിയിൽ ഇരുട്ടു വ്യാപിച്ചിരിക്കുന്നു. ജനാല തുറന്ന് കടലിന്റെ ഇരമ്പലിനുവേണ്ടി കാതോർത്തു. പക്ഷേ, അന്തരീക്ഷം നിശബ്ദമായിരുന്നു. അടുത്ത മുറികളിൽനിന്നും ഉച്ചത്തിൽ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. എല്ലാം ഞങ്ങളുടെ ഗ്രൂപ്പിലെ ആളുകൾതന്നെ. കുറേനേരം അവിടെ പോയിരുന്നു വർത്തമാനം പറഞ്ഞിട്ട് നേരം വളരെ വൈകിയാണ് കിടന്നുറങ്ങിയത്. രാവിലെ കൃത്യം ഏഴുമണിക്ക് പ്രഭാതഭക്ഷണത്തിനായി ചെല്ലണം. എട്ടുമണിക്ക് ബസ് വിടുന്നതിനു മുമ്പ് എല്ലാവരും എത്തിയിരിക്കണം എന്നാണു ഗ്രൂപ്പ്ലീഡറായ വൈദികന്റെ കർശന നിർദ്ദേശം. ആ സമയത്തിനു പത്തു മിനിറ്റു മുമ്പുതന്നെ ഗൈഡ് യഹൂദനായ 'ലിയോർ' മുൻസീറ്റിൽ സ്ഥാനം പിടിച്ചിരിക്കും. ഒരു മിനിറ്റെങ്കിലും താമസിച്ച് അവസാനമായി എത്തുന്നവരെ മറ്റുള്ളവരെല്ലാവരുംകൂടി കരഘോഷത്തോടെയാണു സ്വീകരിക്കുക. ആ നാണക്കേട് ഒഴിവാക്കാൻ എല്ലാവരും സമയത്തിനു മുമ്പുതന്നെ എത്തും.

ഉറക്കമുണർന്നപ്പോൾ നേരം വെളുത്തിരുന്നില്ല. കുളികഴിഞ്ഞു വന്ന് ജനാലയുടെ കർട്ടൻ വകഞ്ഞുമാറ്റി. പ്രഭാതം പൊട്ടിവിടർന്നിരിക്കുന്നു ഉടുത്തിരുന്ന കൈലിയിൽ തന്നെ അർദ്ധനഗ്നനായി ബാൽക്കണിയിലേക്കിറങ്ങി നിന്നു. ഗലീലാക്കടൽ എന്ന നീലത്തടാകം ഏതാനും വാര അകലെ മാത്രം. തടാകത്തിനക്കരെ വലിയ മൊട്ടക്കുന്നുകളാണ്. അവയ്ക്കു മുകളിലൂടെ ഉദിച്ചുയരുന്ന സൂര്യനെ പൂർണ്ണമായി കാണാനായില്ല. എങ്കിലും അതിന്റെ സ്വർണ്ണരശ്മികൾ ആ കുന്നുകളെ തഴുകി തടാകത്തിലേക്കെത്തിക്കൊണ്ടിരുന്നു. റിസോർട്ടിന്റെ താഴെ മനോഹരമായ പൂന്തോട്ടത്തിലെ പൂക്കളും ചെടികളും ആ സ്വർണ്ണരശ്മികളെ ഏറ്റുവാങ്ങി. താൻ താഴേക്കു നോക്കി. തുഷാരബിന്ദുക്കളാൽ നമ്രശിരസ്കരായി നിൽക്കുന്ന പുൽച്ചെടികളിൽ ആ രശ്മികൾ കുഞ്ഞുകുഞ്ഞു മഴവില്ലുകൾ തീർത്തു. ഞങ്ങളുടെ ഗ്രൂപ്പിലുള്ള പലരും ക്യാമറയുമായി തടാകത്തിന്റെ തീരത്തെത്തിയിരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. അതിൽ ഏതാനും ക്യാമറകൾ എന്റെ നേരെ തിരിഞ്ഞപ്പോൾ ഞാൻ വേഗം മുറിയിലേക്കു മടങ്ങി.

ഭാര്യ കുളികഴിഞ്ഞു വന്ന് പ്രഭാതപ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു. പെട്ടെന്നു തന്നെ ഡ്രസ്സ് ചെയ്തു ബൈനോക്കുലേഴ്സുമെടുത്ത് ഞാൻ വീണ്ടും ബാൽക്കണിയിലേക്കിറങ്ങി. ഇപ്പോൾ സൂര്യൻ ഏതാണ്ടു മുഴുവനായി കുന്നിൽമുകളിലേക്കെത്തിയിരിക്കുന്നു. ഞാൻ തടാകത്തിലേക്കും അക്കരെയുള്ള കുന്നുകളിലേക്കും നോക്കി. പ്രഭാതത്തിന്റെ സൗന്ദര്യം അവർണ്ണനീയമായിരുന്നു. സ്വപ്നസാക്ഷാത്ക്കാരമായ നിമിഷങ്ങൾ! ഞാൻ തിരിഞ്ഞുനോക്കി. ക്യാമറക്കാർ എല്ലാം മുറികളിലേക്കു പോയിരിക്കുന്നു. ഞാൻ തീരത്തിന്റെ സൗന്ദര്യം ആസ്വദിക്കുകയായിരുന്നു. അപ്പോഴാണ് പെട്ടെന്ന് ഒരുകാര്യം എന്റെ ശ്രദ്ധയിൽപെട്ടത്. പതിനാറോ പതിനേഴോ വയസ്സു പ്രായം തോന്നുന്ന ഒരു പെൺകുട്ടി റിസോർട്ടിന്റെ മതിലിനു വെളിയിലായി നിൽക്കുന്നു. അവളുടെ കൈയ്യിലുള്ള കുട്ടയിൽ റൊട്ടികളായിരുന്നു. ഞാൻ അവളെത്തന്നെ സൂക്ഷിച്ചു നോക്കി. യൂദസൗന്ദര്യം വഴിഞ്ഞൊഴുകുന്ന മുഖം. ഞാൻ ബൈനോക്കുലേഴ്സ് അല്പംകൂടി അഡ്ജസ്റ്റ് ചെയ്തു. അവൾ തനിക്കുനേരെ ചിരിച്ചുകൊണ്ടു കൈവീശുന്നു. അവൾ നിൽക്കുന്നത് ഏതാനും വാര അകലെമാത്രം. സ്വർണ്ണാഭമായ സൂര്യരശ്മികൾ ഏറ്റുവാങ്ങിയ നീലത്തടാകത്തിലെ കുഞ്ഞോളങ്ങൾ അവളുടെ മുഖത്തു പ്രതിഫലിക്കുന്നു. ഞാൻ അകത്തേക്കുപോയി ക്യാമറയുമായി വേഗം ബാൽക്കണിയിലേക്കു മടങ്ങി. പക്ഷേ, അവളെ കാണാനില്ലായിരുന്നു. ബൈനോക്കുലേഴ്സിൽക്കൂടി തീരം മുഴുവൻ അരിച്ചുപെറുക്കിയിട്ടും കണ്ടില്ല. ബാൽക്കണിയിൽനിന്നും മടങ്ങുന്നതിനു മുമ്പ് ഒന്നുകൂടി കണ്ണോടിച്ചു. അതാ, അവൾ വീണ്ടും! കൂടയിൽനിന്നും റൊട്ടിയെടുത്ത് ആർക്കോ കൊടുക്കുന്നു. അതിനിടയിൽ അവൾ തന്നെ വീണ്ടും ശ്രദ്ധിച്ചിരിക്കുന്നു. ചിരിച്ചുകൊണ്ടവൾ കൈ വീശി. താനും കൈ ഉയർത്തി വീശി. പ്രഭാതഭക്ഷണത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ഭാര്യയോടു ഡൈനിംഗ്ഹാളിലേക്കു പൊയ്ക്കൊള്ളാൻ പറഞ്ഞിട്ട് ബാൽക്കണിയുടെ സൈഡിലുള്ള പടികളിറങ്ങി ഞാൻ തീരത്തേക്കു നടന്നു. അവൾ റൊട്ടിയുടെ ശേഖരവുമായി അവിടെത്തന്നെ നിൽപ്പുണ്ടായിരുന്നു. അവളുടെ അടുത്തേയ്ക്കു ഞാൻ ചെന്നു. കൂടയിൽനിന്നും ഒരു റൊട്ടിയെടുത്തു നീട്ടിക്കൊണ്ടു അവൾ എന്തോ പറഞ്ഞു.

'ഐ ഡോണ്ട് സ്പീക്ക് ഹീബ്രൂ' ഞാൻ പറഞ്ഞു.

'ദിസ് ഈസ് നോട്ട് ഹീബ്രൂ, ദിസ് ഈസ് അരമായാ, ദ ലാംഗ്വേജ് ജീസസ് സ്പോക്ക്'

'ഹോ' ഞാൻ ചിരിച്ചു.

അവൾ കുടുകുടെ ചിരിച്ചു. തുടർന്ന് സുഗമമായ ഇംഗ്ലീഷ് ഭാഷയിൽ അവൾ സംസാരിച്ചു.

പാവാടയും ഷർട്ടുമായിരുന്നു അവളുടെ വേഷം. രാവിലെ നേരിയ തണുപ്പുണ്ടായിരുന്നതിനാലാവാം കഴുത്തിൽ ഒരു ഷാളും ചുറ്റിയിരുന്നു.

ഏതാനും പേർ അവളുടെ അടുത്തു വന്ന് റൊട്ടി വാങ്ങി തിരിച്ചുപോയി.

'നല്ല കച്ചവടമാണല്ലോ!' ഞാൻ പറഞ്ഞു.

'നിങ്ങൾ അടുത്തു നിന്നതുകൊണ്ടായിരിക്കും'.

ഞാൻ ചിരിച്ചു.

'നിങ്ങൾക്കു റൊട്ടി വേണ്ടേ?'

'വേണ്ട. ഞങ്ങൾക്കു ഭക്ഷണം ഹോട്ടലിൽ കിട്ടും'.

'ഈ റൊട്ടിയൊന്നു രുചിച്ചുനോക്കിക്കൂടെ?'

'വേണ്ട. ഞാൻ ഭക്ഷണം കഴിക്കാൻ പോകുകയായിരുന്നു. അപ്പോഴാണ് നിന്നെ കണ്ടത്'.

'അതുകൊണ്ടു ഭക്ഷണം വേണ്ടെന്നു വച്ചോ?'

ഞാൻ ചിരിച്ചു.

'ഈ റൊട്ടി കഴിച്ചാൽ തലയിൽ മുടി കിളിർക്കും.' എന്റെ കഷണ്ടിയുള്ള തലയിലേക്കു നോക്കിക്കൊണ്ടു കൂടയിൽനിന്നും അവൾ ഒരു ചെറിയ റൊട്ടിക്കഷണം എനിക്കു നീട്ടി.

ചിരിച്ചുകൊണ്ടു ഞാൻ അതു വാങ്ങി.

അവൾ കുടുകുടെ ചിരിച്ചു.

'എന്നെ കളിയാക്കിയതാണോ?'

'അയ്യോ അല്ല. കഷണ്ടിയുള്ളവരെ എനിക്കിഷ്ടമാണ്. എന്റെ അപ്പന്റെ തലയിൽ ഒരു രോമംപോലുമില്ലായിരുന്നു.'

'എങ്കിൽ പിന്നെ അപ്പന് ഈ റൊട്ടി കൊടുത്താൽ മതിയായിരുന്നില്ലേ!'

'നിങ്ങൾ തിരിച്ചടിച്ചു അല്ലേ? എന്റെ അപ്പൻ ഇന്നു ജീവിച്ചിരിപ്പില്ല'.

ഞാൻ ചിരിക്കാൻ തുടങ്ങിയെങ്കിലും പെട്ടെന്നു നിർത്തി.

'ക്ഷമിക്കണം'.

'സാരമില്ല. ഇപ്പോൾ പത്തു വർഷമായി.'

'എന്താണു നിന്റെ പേര്? ചോദിക്കാൻ മറന്നു'

'മറിയം. യേശുവിന്റെ അമ്മയുടെ പേരുതന്നെയാണ്'.

'വീട്ടിൽ മറ്റാരൊക്കെയുണ്ട്? നീ സ്കൂളിൽ പോകുന്നില്ലേ?'

'എന്റെ വീട്ടിൽ ഒരു സഹോദരനും അമ്മയുമുണ്ട്. അമ്മയ്ക്കു നല്ല സുഖമില്ല. ഞങ്ങൾ ഈ റൊട്ടിയുണ്ടാക്കി വിറ്റാണു ജീവിക്കുന്നത്. സ്കൂളിൽ പോകുന്നതിനു മുമ്പായി ഈ റൊട്ടിയൊക്കെ വിൽക്കണം'. അടുത്തു കെട്ടിയിട്ടിരിക്കുന്ന കൊച്ചു വള്ളത്തിൽ ബാക്കിയിരിക്കുന്ന റൊട്ടികളിലേക്കു ചൂണ്ടിയവൾ പറഞ്ഞു.

'ഇതും നിന്റെയാണോ? നീ വള്ളത്തിലാണോ വന്നത്?'

അവൾ തലയാട്ടി.

'നീ എവിടെയാണു താമസിക്കുന്നത്?'

'ഇവിടെനിന്ന് അധികം ദൂരമില്ല. കഷ്ടിച്ചു രണ്ടു ഫർലോംഗ്'.

'ആരാണ് ഈ റൊട്ടിയൊക്കെ ഉണ്ടാക്കുന്നത്? നിനക്കു റൊട്ടിയുണ്ടാക്കാൻ അറിയുമോ?'

'അമ്മയും സഹോദരനുംകൂടിയുണ്ടാക്കും. ഞാൻ വിൽക്കും. റൊട്ടിയുണ്ടാക്കുന്നതു കാണണോ?'

'അതെങ്ങനെ സാധിക്കും?'

'എന്റെ വീട്ടിൽ വന്നാൽ മതി'.

'എനിക്കു നിങ്ങളുടെ വീട്ടിൽ വരാമോ?'

'തീർച്ചയായും. ഞാൻ ക്ഷണിച്ചിരിക്കുന്നു.'

ഏതാനും ആളുകൾകൂടി വന്നപ്പോൾ അവളുടെ വള്ളത്തിൽ വച്ചിരുന്ന റൊട്ടികളും തീർന്നു.

'ഇനിയും റൊട്ടി കൊണ്ടുവരാനായി എനിക്കു വീട്ടിൽ പോകണം. നിങ്ങൾ വരുന്നെങ്കിൽ ഈ വള്ളത്തിൽ പോകാം. തിരിച്ചു ഞാൻ കൊണ്ടുവിട്ടുകൊള്ളാം.'

അവളുടെ ക്ഷണം നിരസിക്കാൻ എനിക്കു തോന്നിയില്ല. ഞാൻ വാച്ചിൽ നോക്കി. ബസ്സു വിടാൻ ഇനിയും അരമണിക്കൂറുണ്ട്.

അവൾ വള്ളത്തിലേക്കു കയറി ഇരുന്നുകഴിഞ്ഞു. കയറി ഇരിക്കാൻ അവൾ ആംഗ്യം കാട്ടി. ഞാൻ അവൾക്കു അഭിമുഖമായി വള്ളത്തിൽ ഇരുന്നു.

അവൾ വള്ളം തുഴഞ്ഞു.

'ഞങ്ങൾ യഹൂദക്രിസ്ത്യാനികൾ ആണ്. ഗലീലയിൽ ഞങ്ങൾ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. ഇപ്പോൾ ഇവിടെ മുസ്ലീംകളും ഒരു നല്ല ശതമാനമുണ്ട്. ഇതിനിടയിൽ ജീവിക്കുക ബുദ്ധിമുട്ടാണ്.'

'എങ്കിൽ പിന്നെ കൂടുതൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്കു മാറിക്കൂടെ?'

'അത്, ഈ സ്ഥലത്തെപ്പറ്റി നിങ്ങൾക്കറിയാത്തതുകൊണ്ടാണ്'. ഒരു നിമിഷം നിർത്തിയിട്ടവൾ തുടർന്നു: 'നിങ്ങൾ ഇപ്പോൾ സഞ്ചരിക്കുന്നത് ഗലീലാ തടാകത്തിൽകൂടിയാണ്. ഈ തടാകവും ഇതിന്റെ തീരങ്ങളും അക്കരെയുള്ള കുന്നുകളും എല്ലാം ചരിത്രം ഉറങ്ങുന്ന സ്ഥലമാണ്. രണ്ടായിരം വർഷം മുമ്പ് യേശുവിന്റെ പ്രവർത്തനമേഖല ഇവിടം ആയിരുന്നു.'

ഞാൻ കൈകൊണ്ടു തടാകത്തിലെ അല്പം വെള്ളം കോരിയെടുത്തു.

'ഇതു ശുദ്ധജല തടാകമാണ്. ഗലീലക്കടൽ എന്നു പറയുമെങ്കിലും വെറും പതിനേഴു മൈൽ നീളവും ഏഴു മൈൽ വീതിയും ഇരുപത്തിയഞ്ചു അടി മാത്രം ആഴവുമുള്ള ഒരു ചെറിയ തടാകം മാത്രമാണ്. പക്ഷെ, ഇസ്രായേലിലെ വിശാലമായ ഒരു മേഖലയ്ക്കു മുഴുവൻ കുടിവെള്ളം എത്തിച്ചുകൊടുക്കുന്നത് ഇതിൽനിന്നാണ്.

'അപ്പോൾ ഇതിലെ വെള്ളം വറ്റിപ്പോകില്ലേ?'

'ഇല്ല. അതാണത്ഭുതം. എടുക്കുന്നതിൽ കൂടുതൽ വെള്ളം ഉറവകളിൽനിന്നും ഊറിവരുകയാണ്.'

ഞാൻ ആ തടാകത്തിലേക്കു നോക്കിയിരുന്നപ്പോൾ അവൾ എന്നെ തോണ്ടിവിളിച്ചുകൊണ്ടു അക്കരെയുള്ള ഒരു കുന്നിലേക്കു വിരൽ ചൂണ്ടി.

'അവിടെവച്ചാണ് യേശു അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചത്. ഞാൻ ആ കുന്നിലേക്കു നോക്കി. ആ വലിയ ജനാവലി അവിടെ നിൽക്കുന്നതായി എനിക്കു തോന്നി.

'അന്ന് കയ്യിലുണ്ടായിരുന്ന അഞ്ച് അപ്പവും രണ്ടു മീനും കൊടുത്ത ബാലന്റെ പിൻതലമുറയിൽപെട്ടതാണ് ഞങ്ങളുടെ കുടുംബവും എന്നാണു പറയുന്നത്'.

'അതുകൊണ്ടാണോ റൊട്ടിയുടെ കച്ചവടം നടത്തുന്നത്?'

വള്ളം തുഴയുന്നതിനിടയിൽ അവൾ കുടുകുടാ ചിരിച്ചു.

'നിങ്ങൾ വിചാരിക്കുന്നുണ്ടോ ആയിരക്കണക്കിനുള്ള ആളുകളിൽ മറ്റാരുടെയും കയ്യിൽ അപ്പമോ മീനോ ഒന്നും ഇല്ലായിരുന്നെന്ന്? കൊടുക്കുവാനുള്ള മനസ്സ് ഉണ്ടാകണം. അതുകൊണ്ടാണ് അത്ഭുതം നടന്നത്. ആ ബാലന്റെ അമ്മ രാവിലെ പൊതികെട്ടി കൊടുത്തപ്പോൾ പറഞ്ഞുകാണും, മോനേ, മറ്റുള്ളവർ വിശന്നിരിക്കുമ്പോൾ ഇതു നീ തന്നെ കഴിക്കരുത്. അവർക്കുകൂടി കൊടുക്കണം എന്ന്. ആ അമ്മയുടെ പഠിപ്പിക്കലാണ് അവൻ അതു ഷെയർ ചെയ്യുവാൻ കാരണമായത്.'

അവൾ വള്ളം തീരത്തോടടുപ്പിച്ചു. തടാകത്തിന്റെ തിട്ടയിൽ നിൽക്കുന്ന ഒലിവു മരത്തിന്റെ മുറിച്ചു നിർത്തിയിരിക്കുന്നൊരു കൊമ്പിലേക്ക് വള്ളത്തിൽനിന്നു എടുത്ത കയർ കോർത്തിട്ടിട്ട് അവൾ എന്റെ കയ്യിൽ പിടിച്ച് ഇറങ്ങാൻ സഹായിച്ചു. അവിടെനിന്നും കഷ്ടിച്ച് ഇരുപത്തഞ്ചടി മാത്രമേയുണ്ടായിരുന്നുള്ളു അവളുടെ ഭവനത്തിലേക്ക്. കല്ലിൽ പണിതീർത്ത വീടിന് നൂറ്റാണ്ടുകളുടെ പഴക്കമുള്ളതുപോലെ തോന്നി. തടാകത്തോട് അഭിമുഖമായി നിൽക്കുന്നത് വീടിന്റെ പിൻഭാഗമാണ്. മുൻഭാഗത്തുകൂടി അൻപതടി നടന്നാൽ ടാറിട്ട റോഡിലെത്താം. ഞാൻ വീടിനുള്ളിലേക്കു കയറി. അവിടെ റൊട്ടി ചുട്ടെടുക്കുന്നതിന്റെ നല്ല മണ മുണ്ടായിരുന്നു. വീടിന്റെ ഒരുവശത്തായിട്ടുള്ള വലിയ ഒരു മുറിയിലായിരുന്നു റൊട്ടികൾ ഉണ്ടാക്കിയിരു ന്നത്. അവളുടെ സഹോദരൻ, പതിമൂന്നോ പതിനാലോ വയസ്സു കാണും, റൊട്ടിക്കു മാവു കുഴച്ചുവയ്ക്കുന്നു. അവരുടെ മാതാവ് ഒരു കസേരയിലിരുന്ന് മാവ് പല റൊട്ടികളുടെ ആകൃതിയിലാക്കി രൂപപ്പെടുത്തുന്നു. അല്പം മാറി തറയിൽ കല്ലുകൊണ്ടുള്ള അടുപ്പ്. റൊട്ടി രണ്ടോ മൂന്നോ നിരകളിലായി കല്ലിനു മുകളിൽ വച്ചു ചുട്ടെടുക്കുന്നു. നേരത്തേ ചുട്ടുവച്ചിരുന്ന റൊട്ടികൾ മറിയം കുട്ടയിലേക്കു പെറുക്കിവച്ചു. അവൾ എന്നെ അവർക്കു പരിചയപ്പെടുത്തിയതുകൊണ്ടാവാം അവർ വളരെ സ്നേഹത്തോടെയാണ് പെരുമാറിയത്.

ഞാൻ വാച്ചിലേക്കു നോക്കി. സമയം 8 മണി കഴിഞ്ഞ് 15 മിനിറ്റ്.

'അയ്യോ, സമയം പോയതറിഞ്ഞില്ല. ഞാൻ പോകട്ടെ'. ഞാൻ അവളുടെ സഹോദരന്റെ കരം ഗ്രഹിച്ചു കൊണ്ടു പറഞ്ഞു.

മാതാവിനെ വണങ്ങിയപ്പോൾ അവർ ഒരു റൊട്ടി നീട്ടിക്കൊണ്ട് എന്തോ പറഞ്ഞു.

'ഇതു വാങ്ങിക്കൊള്ളാനാണ് അമ്മ പറയുന്നത്. കസേരയിൽനിന്നും എഴുന്നേൽക്കാൻ കഴിയില്ല. നാലു വർഷത്തിലേറെയായി കാലുകൾക്കു സ്വാധീനമില്ല'. മറിയത്തിന്റെ കണ്ണുകൾ ആർദ്രമാകുന്നതു കണ്ടു.

'വരൂ, ഞാൻ റിസോർട്ടിൽ വിടാം.' മറിയം കൂട കയ്യിലെടുത്തുകൊണ്ടു പറഞ്ഞു

'വേണ്ട. സമയം ഒത്തിരി വൈകി. മുമ്പിലുള്ള റോഡിൽകൂടി നടന്നാൽ മതിയല്ലോ'.

ഞാൻ വീടിനു മുമ്പിലേക്കിറങ്ങി.

'എങ്കിൽ അങ്ങനെയാവട്ടെ. അല്പം മുമ്പോട്ടു ചെന്ന് ആ വളവു തിരിഞ്ഞാൽ റിസോർട്ടിലാണു ചെല്ലുക. കഷ്ടിച്ച് നാലു മിനിറ്റു നടപ്പ്.' മറിയം വഴിവരെ എന്നെ അനുഗമിച്ചു.

ഞാൻ റോഡിലേക്കു കയറിയപ്പോൾ അവൾ ചോദിച്ചു, 'നിങ്ങളുടെ പേര് എന്താണെന്നിതുവരെ പറഞ്ഞില്ല.'

ഞാൻ പേരു പറഞ്ഞു. അവളുടെ കയ്യിൽ പിടിച്ചു യാത്ര പറഞ്ഞപ്പോൾ അവൾ പറഞ്ഞു: 'യേശുവിന്റെ നാട്ടിൽ നിങ്ങൾക്ക് എന്നും ഒരു നല്ല സുഹൃത്തുണ്ടാവും.'

ഞാൻ റിസോർട്ടിലെത്തിയപ്പോഴേക്കും ബസ്സ് എനിക്കുവേണ്ടി കാത്തു നിൽക്കുകയായിരുന്നു. ഭാര്യ ഉത്കണ്ഠയോടെ ബസ്സിനു വെളിയിലും.

ബസ്സിനുള്ളിലേയ്ക്കു കയറിയപ്പോൾ ഉച്ചത്തിലുള്ള കയ്യടിയായിരുന്നു. ബസ്സ് വളവു തിരിഞ്ഞ് മറിയ ത്തിന്റെ വീടിനോടടുക്കുന്നു. താൻ സീറ്റിലിരുന്ന് ജനാലയിൽകൂടി നോക്കി. അവൾ മുറ്റത്തുതന്നെ നിൽക്കുന്നുണ്ടാവുമോ?

ബസ്സ് മുമ്പോട്ടു നീങ്ങി. തന്റെ കണ്ണുകളെ തനിക്കു വിശ്വസിക്കാനായില്ല. അവിടെയെല്ലാം നൂറ്റാണ്ടുകൾ പഴക്കമുള്ള ഒലിവു മരങ്ങളുടെ തോട്ടമായിരുന്നു.